ഉത്തരം

(എ) ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ വഴി ഒഴിവുകൾ നികത്തിയിട്ടില്ല.

(സി) പത്ത് ശതമാനത്തിലേക്ക്.

(ഡി) ഒരു ഡിസ്ട്രിക്റ്റ് റിക്രൂട്ട്മെന്റ് ബോർഡിൽ 5 വർഷം പൂർത്തിയായാൽ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ നൽകാവുന്നതാണ്.

(ഇ) 16-1-2002-ലെ ജി. ഒ. (പി) 56/2002/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സർക്കാർ വകുപ്പുകളിലെ അധിക തസ്തികകൾ കണ്ടെത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കരണ വകുപ്പ് (പ്രിൻസിപ്പൽ സെക്രട്ടറി) ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കുകയും 24-9-2002-ലെ ജി. ഒ. (പി) 572/02/ധന. നമ്പർ ഉത്തരവ് പ്രകാരം അധിക തസ്തികകളുടെ പുനർവിന്യാസ പ്രവർത്തനങ്ങൾക്കായി ഉദ്യോഗസ്ഥ ഭരണപരിഷ്കരണ വകുപ്പിൽ സർപ്ലസ്മാൻപവർ സെൽ രൂപീകരിക്കുകയും ചെയ്തു. അവ രണ്ടും ഇപ്പോഴും നിലവിലുണ്ട്.

അബ്കാരി നിയമം

31 (4070) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലപ്പഴക്കമുള്ള അബ്കാരി നിയമം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും സമഗ്രമായ പുതിയ ഒരു നിയമ നിർമ്മാണത്തിനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) അബ്കാരി നിയമത്തിൽ സമഗ്രമായ ഭേദഗതി വരുത്തുന്നതിനായി മുൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നു എന്നു വ്യക്തമാക്കാമോ ;

(സി) അബ്കാരി നിയമത്തിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കമ്മിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുണ്ടായിരുന്ന ജനകീയ സമിതികളുടെ പ്രവർത്തനം പരാജയമായതുകൊണ്ടാണോ പുതിയ ജനകീയ സമിതികൾ രൂപീകരിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ശ്രീ. ഉദയഭാനു കമ്മിഷൻ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള അബ്കാരി നിയമം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുവേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 1998-1999-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ച പ്രകാരം അബ്കാരി ആക്റ്റ് സമഗ്രമായി പരിഷ്ക്കരിക്കുന്നതിനും കള്ള് വ്യവസായ രംഗത്ത് ഉദയഭാനു കമ്മിഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനുമായി മുൻ സർക്കാർ രണ്ട് കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത കമ്മിറ്റികൾ വിശദമായ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) നിലവിലുള്ള ജനകീയ സമിതികൾ പരാജയമാണെന്നോ പുതിയ ജനകീയ സമിതികൾ രൂപീകരിക്കണമെന്നോ സർക്കാർ കരുതുന്നില്ല.

(ഇ) ഉദയഭാനു കമ്മിഷൻ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നല്കിയ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. മദ്യ നിയന്ത്രണ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുമെന്ന് ഉറപ്പ് വരുത്തുന്നതിന് ട്രേഡ് യൂണിയനുകൾക്കും, സാമൂഹ്യ സന്നദ്ധ സംഘടനകൾക്കും പ്രാതിനിധ്യമുള്ള സ്റ്റാറ്റ്യൂട്ടറി അധികാരത്തോട് കൂടിയ ജനകീയ കമ്മിറ്റികൾ റേഞ്ച്, ജില്ലാ സംസ്ഥാന തലങ്ങളിൽ രൂപീകരിക്കുക.

2. സംസ്ഥാന തലം മുതൽ പഞ്ചായത്ത് തലം വരെ അനൗദ്യോഗിക പ്രചാരണ സമിതികൾ രൂപീകരിക്കുക.

3. നിയമ ലംഘനം നിരുത്സാഹപ്പെടുത്തുന്നതിനും വേണ്ടി വന്നാൽ അധികൃതരെ അറിയിക്കുന്നതിനും അനൗദ്യോഗിക ജാഗ്രതാ സമിതികൾ രൂപീകരിക്കുക.

4. മദ്യ നിരോധനത്തിന്റെ പുരോഗതിയെപ്പറ്റി വിലയിരുത്തുവാൻ സംസ്ഥാന തലത്തിൽ ഔദ്യോഗിക അനൗദ്യോഗിക പ്രതിനിധികൾ അടങ്ങിയ ഒരു ഉപദേശക സമിതി ഉണ്ടാവുന്നതും ഉപകാരപ്രദമാണ്

ഉദയഭാനു കമ്മിഷന്റെ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ അനുസരിച്ച് റേഞ്ച്, ജില്ലാ സ്റ്റേറ്റ് തലങ്ങളിൽ അനൗദ്യോഗിക ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുള്ളതാണ്.

കൂടാതെ ചാരായ നിരോധനത്തിനു ശേഷം വ്യാജമദ്യ നിർമ്മാണവും വിപണനവും തടയുന്നതിനായി ജില്ലാ ബ്ലോക്ക് തലങ്ങളിൽ ജനകീയ സമിതികൾ രൂപീകരിക്കുകയും ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനായി ഒരു സംസ്ഥാനതല സമിതിയും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly